## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1728 — 25.03.13-ലെ മറുപടിയ്ക്ക്

# സർക്കാർ ജീവനക്കാർക്ക് പരിശീലനം

**ചോദ്യം**

ശ്രീ. വർക്കല കഹാർ :
'' പി.എ. മാധവൻ :
'' ബെന്നി ബെഹനാൻ :
'' പാലോട് രവി :

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(ബഹു.മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്ക് വികസനോന്മുഖമായ പരിശീലനം ലഭ്യമാക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) | സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. കാലാകാലങ്ങളിൽ വേണ്ടുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ഭരണ സംവിധാനത്തിലെ നൂതന ആശയങ്ങൾ, നിയമങ്ങൾ തുടങ്ങിയവ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം, സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്ട് സ്കിൽസ് ട്രെയിനിംഗ് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥർക്ക് അവശ്യമായ പരിശീലന പരിപാടികൾ വിവിധ വകുപ്പുകളുടെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത ലക്ഷ്യം നേടുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ; | (ബി) & (സി) | ഉണ്ട്. 'സപ്തധാരാ പദ്ധതി' പ്രകാരം നിലവിലുള്ള പരിശീലന നയം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി അദ്ധ്യാപകരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്നു. |
| (സി) | ആയതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | | |

സെക്ഷൻ ആഫീസർ